## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ, കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ് , തിരുവനന്തപുരം

**ഹാജർ :- T.V. സുഭാഷ് , IAS,**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനകാര്യം - അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ ജീവനക്കാരെ ഈ തസ്തിക നിർണയിച്ചിട്ടുള്ള കൃഷി ഭവനുകളിലേക്ക് ഓൺലൈൻ മുഖേന നിയമിച്ചുകൊണ്ടുള്ള ഭേദഗതി വരുത്തിയ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു

പരാമർശം :- 1. സർക്കാർ ഉത്തരവ് (MS) നമ്പർ 42/21/Agri തീയതി 26.02.2021.
2. ഈ ഓഫീസിലെ സർക്കുലർ നമ്പർ എസ്.എ (2) 762/21 തീയതി 16.3.2022.
3. ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ് നമ്പർ തീയതി 30.9.2022.

### ഉത്തരവ് നമ്പർ എസ്.ഇ (3 ) 1106/22 തീയതി 10.11.2022.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ അസിസ്റ്റന്റ് കൃഷി ഓഫീസർമാർക്ക് പരാമർശം 1- ഉത്തരവ് പ്രകാരം 614- ഓഫിസുകൾ / കൃഷി ഭവനുകൾ നിർണയിച്ച് നൽകിയിരുന്നു . 2022- വർഷത്തെ പൊതുസ്ഥലമാറ്റത്തിന് വകുപ്പിലെ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചപ്പോൾ നിലവിൽ അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിൽ ജോലിനോക്കുന്നവർക്ക് സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഓഫിസുകളിലേക്ക് ഓൺലൈൻ മുഖേന നിയമിക്കുന്നതിന് ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ ഈ വിഭാഗത്തിൽ ജോലിനോക്കുന്ന ജീവനക്കാരെ ഈ തസ്തിക അനുവദിച്ചിട്ടുള്ള കൃഷി ഭവനുകളിലേക്ക് ഓൺലൈനായി ക്രമീകരിച്ചുകൊണ്ടുള്ള കരട് ഉത്തരവ് പരാമർശം 3- പ്രകാരം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു . പരാമർശം 3- പ്രകാരം പ്രസിദ്ധീകരിച്ച ഈ കരട് സ്ഥലം മാറ്റ ഉത്തരവിന്മേൽ 11.10.2022 തീയതി വരെ ആക്ഷേപങ്ങൾ / പരാതികൾ എന്നിവ സ്വീകരിച്ചിട്ടുള്ളതും ആയത് മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് നടപടിയെടുത്തിട്ടുള്ളതുമാകുന്നു. ഇപ്രകാരം SPARK- മുഖേന പ്രോസസ്സ് ചെയ്തു ലഭിച്ച അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ ഭേദഗതി വരുത്തിയ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in - ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു . ഈ കരട് ലിസ്റ്റിന്മേൽ അപേക്ഷകരുടെ പരാതികൾ / ആക്ഷേപങ്ങൾ **14.11.2022 തീയതി വൈകുന്നേരം 5 മണിവരെ** ഓൺലൈനായി agrlgeneraltransfer@gmall.com എന്ന ഇ-മെയിലിൽ സമർപ്പിക്കാവുന്നതാണ്. ഈ തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ / ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. ആക്ഷേപങ്ങളുടെ / പരാതികളുടെ ഹാർഡ് കോപ്പി സ്വീകരിക്കുന്നതല്ല

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ/ DDO മാർ കരട് ലിസ്റ്റ് പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ ആയതും തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലെ ഔദ്യോഗിക മേൽവിലാസത്തിൽ വ്യത്യാസമുണ്ടെങ്കിൽ ആ വിവരവും, ഒഴിവില്ലാത്ത ഓഫീസുകളിൽ സ്ഥലമാറ്റം നൽകിയിട്ടുണ്ടെങ്കിൽ ആ വിവരവും agrigeneraltransfer@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ **14.11.2022 തീയതി വൈകുന്നേരം 5 - മണിക്ക്** മുമ്പായി അറിയിക്കേണ്ടതാണ്.

Sd/-

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
പകർപ്പ് :- കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT CELL)
ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി

Junior Superintendent
SE Section
Directorate of Agriculture
Thiruvananthapuram-33